**കേരള സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ 31 ന് സാംസ്കാരിക വകുപ്പ് മന്ത്രി വിതരണം ചെയ്യും**

കേരള സംഗീത നാടക അക്കാദമിയുടെ പരിധിയിൽപ്പെടുന്ന മേഖലകളിൽ അമൂല്യസംഭാവന നൽകിയ കലാകാരൻമാർക്കുള്ള 2020 ലെ ഫെലോഷിപ്പ്, അവാർഡ്,ഗുരുപൂജ പുരസ്കാരങ്ങൾ ഓഗസ്റ്റ് 31 ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ വിതരണം ചെയ്യും. ഓഗസ്റ്റ് 31 ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ മൂന്നര വരെ തൃശ്ശൂരിലെ കേരള സംഗീത നാടക അക്കാദമി കെ ടി മുഹമ്മദ് സ്മാരക തിയേറ്ററിൽ മൂന്ന് സെഷനുകളിലായിട്ടാണ് പുരസ്കാര വിതരണം സംഘടിപ്പിക്കുക.പൂർണ്ണമായും കോവിഡ് ചട്ടങ്ങൾ പാലിച്ചായിരിക്കും പരിപാടി. ഉച്ചയ്ക്ക് രണ്ട് മണിക്ക് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഫെലോഷിപ്പുകൾ വിതരണം ചെയ്യും. ചടങ്ങിൽ പി ബാലചന്ദ്രൻ എംഎൽ എ അധ്യക്ഷത വഹിക്കും. അക്കാദമി വൈസ് ചെയർമാൻ സേവ്യർ പുൽപ്പാട്ട് ഫെലോഷിപ്പ് നേടിയ മൂന്ന് കലാകരൻമാരെ പരിചയപ്പെടുത്തും. അക്കാദമി ചെയർപേഴ്സൺ കെ.പി.എ.സി ലളിത ആമുഖ പ്രഭാഷണം നടത്തും. കേരള സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ,സെക്രട്ടറി ഡോ.കെ.പി.മോഹനൻ, കേരള ലളിതകലാ അക്കാദമി സെക്രട്ടറി പി.വി ബാലൻ എന്നിവർ സംസാരിക്കും. കേരള സംഗീത നാടക അക്കാദമി സെക്രട്ടറി ഡോ പ്രഭാകരൻ പഴശ്ശി സ്വാഗതവും അക്കാദമി നിർവ്വാഹക സമിതി അംഗം അഡ്വ.വി.ഡി.പ്രേമപ്രസാദ് നന്ദിയും പറയും.

**അവാർഡ് വിതരണം 31 ന് ഉച്ചയ്ക്ക് 2.30 ന്**

കേരള സംഗീത നാടക അക്കാദമിയുടെ 2020 ലെ അവാർഡുകൾ ഓഗസ്റ്റ് 31 ന് ഉച്ചയ്ക്ക് 2.30 ന് സാംസ്കാരിക വകുപ്പ് മന്ത്രി വിതരണം ചെയ്യും.വിവിധ കലാരംഗത്ത് സംഭാവനകൾ നൽകിയ 17 പേർക്കാണ് മന്ത്രി അവാർഡ് നൽകുക.ചടങ്ങിൽ അക്കാദമി ചെയർപേഴ്സൺ കെ.പി.എ.സി ലളിത അധ്യക്ഷത വഹിക്കും. അക്കാദമി നിർവ്വാഹക സമിതി അംഗം ഫ്രാൻസിസ് ടി മാവേലിക്കര അവാർഡ് നേടിയ കലാകാരൻമാരെ പരിചയപ്പെടുത്തും. നിർവ്വാഹക സമിതി അംഗങ്ങളായ വി.ടി മുരളി സ്വാഗതവും കലാമണ്ഡലം ശിവൻ നമ്പൂതിരി നന്ദിയും പറയും.

**ഗുരുപൂജ പുരസ്കാര വിതരണം 31 ന് ഉച്ചയ്ക്ക് മൂന്ന് മണിക്ക്**

കേരള സംഗീത നാടക അക്കാദമിയുടെ 2020 ലെ ഗുരുപൂജ പുരസ്കാര വിതരണം ഓഗസ്റ്റ് 31 ന് ഉച്ചയ്ക്ക് മൂന്ന് മണിക്ക് സാംസ്കാരിക വകുപ്പ് മന്ത്രി നിർവഹിക്കും.വിവിധ കലാരംഗത്ത് സംഭാവനകൾ നൽകിയ 19 പേർക്കാണ് മന്ത്രി ഗുരുപൂജ പുരസ്കാരങ്ങൾ സമർപ്പിക്കുക.ചടങ്ങിൽ അക്കാദമി ചെയർപേഴ്സൺ കെ.പി.എ.സി ലളിത അധ്യക്ഷത വഹിക്കും. അക്കാദമി നിർവ്വാഹക സമിതി അംഗം ഡോ രാജശ്രീ വാര്യർ ഗുരുപൂജ പുരസ്കാര ജേതാക്കളെ പരിചയപ്പെടുത്തും. അക്കാദമി നിർവ്വാഹക സമിതി അംഗം വിദ്യാധരൻ മാസ്റ്റർ സ്വാഗതവും അക്കാദമി ജൂനിയർ സൂപ്രണ്ട് ഷാജി ജോസഫ് നന്ദിയും പറയും.പൂർണ്ണമായും കോവിഡ് ചട്ടങ്ങൾ പാലിച്ചായിരിക്കും പരിപാടി സംഘടിപ്പിക്കുക.പുരസ്കാര ജേതാക്കൾക്കും രേഖാമൂലം അറിയിപ്പ് കിട്ടിയവർക്കും മാത്രമായിരിക്കും പരിപാടിയിൽ പ്രവേശനം.പൊതുജനങ്ങൾക്ക് പരിപാടിയിൽ പ്രവേശനം ഉണ്ടായിരിക്കില്ലെന്ന് അക്കാദമി സെക്രട്ടറി ഡോ .പ്രഭാകരൻ പഴശ്ശി അറിയിച്ചു.

**നൂറ് പുസ്തകങ്ങളിൽ ആദ്യത്തെ നാല് പുസ്തകങ്ങൾ മന്ത്രി പ്രകാശനം ചെയ്യും**

സംസ്ഥാന സർക്കാറിൻറെ നൂറ്ദിന കർമ്മപരിപാടിയുടെ ഭാഗമായി കേരള സംഗീത നാടക അക്കാദമി പുറത്തിറക്കുന്ന നൂറ് പുസ്തകങ്ങളിൽ ആദ്യത്തെ നാല് പുസ്തകങ്ങൾ, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അക്കാദമി പുരസ്കാര വിതരണ ചടങ്ങിൽ പ്രകാശനം ചെയ്യും. ബിനു.എം. പള്ളിപ്പാടിൻറെ ചെങ്ങന്നൂരാതിപ്പാട്ട്, കെ എ ശങ്കരൻറെ ഉത്തരേന്ത്യൻ സംഗീതധാര, ടി എം എബ്രഹാമിൻറെ എൻ എൻ പിള്ള , .വി.ഡി പ്രേമപ്രസാദിൻറെ നാടകപ്പാതയിലെ വഴിവിളക്കുകൾ എന്നീ പുസ്തകങ്ങളാണ് ചടങ്ങിൽ പ്രകാശനം ചെയ്യുക.

**ആർക്കൈവ്സ്, ഡിജിറ്റൽ ലൈബ്രറി,മ്യൂസിയം പദ്ധതിയുടെ പ്രാംരംഭ പ്രവർത്തനോദ്ഘാടനവും പൈതൃക മതിൽ ശിലാസ്ഥാപനവും 31 ന്**

നൂറ്ദിന കർമ്മപരിപാടിയുടെ ഭാഗമായ കേരള സംഗീത നാടക അക്കാദമിയുടെ ആർക്കൈവ്സ്, ഡിജിറ്റൽ ലൈബ്രറി, മ്യൂസിയം പദ്ധതിയുടെ പ്രാംരംഭ പ്രവർത്തനോദ്ഘാടനവും പൈതൃകമതിൽ ശിലാസ്ഥാപനവും ഓഗസ്റ്റ് 31 ന് ഉച്ചയ്ക്ക് രണ്ടിന് സാംസ്കാരികവകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിക്കും.അക്കാദമി പുരസ്കാര വിതരണത്തോടനുബന്ധിച്ചായിരിക്കും പരിപാടി സംഘടിപ്പിക്കുക.

കൊവിഡ് മഹാമാരിയുടെ കാലത്തും സംഗീതനാടക അക്കാദമി സജീവ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. നൂറ്ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച കേരള ഗാനങ്ങൾക്ക് ആവേശകരമായ പ്രതികരണങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്.പ്രൊഫഷണൽ നാടക മത്സരത്തിന് വേണ്ട സജ്ജീകരണങ്ങളെല്ലാം പൂർത്തിയായിക്കഴിഞ്ഞു. ഓൺലൈൻ സർഗ്ഗാവിഷ്കാര പരിപാടി പുനരാരംഭിക്കും.25 അമേച്വർ നാടകങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം നൽകുന്ന പദ്ധതിക്കും വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്.ഒക്ടോബറിൽ അതിൻറെ തെരഞ്ഞെടുപ്പ് പൂർത്തിയാകും. 100 അമേച്വർ നാടകങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വീതം നൽകുന്ന പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. നാല് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ പ്രൊഫഷനൽ നാടകസംഘങ്ങൾക്ക് രണ്ട് കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്.കൊവിഡ് ഭീഷണി മാറിക്കിട്ടേണ്ടതാമസം സംഗീത നാടക അക്കാദമി നിരവധി നൂതന പരിപാടികൾക്ക് തുടക്കം കുറിക്കുമെന്നും പ്രഭാകരൻ പഴശ്ശി അറിയിച്ചു.